# 2025-2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

ജി. ജെ. എം. യു. പി. എസ്
കല്ലേലി

# സ്കൂൾ വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി. ജെ. എം. യു. പി. എസ് കല്ലേലി.

മേൽവിലാസം : Near st. George orthodox chur കല്ലേലി (Po) അരുവാപ്പുലം

സ്കൂൾ കോഡ് : 38739

ഫോൺ നമ്പർ : 7012426947

പിൻകോഡ് : 689691

റവന്യൂ ജില്ല : പത്തനംതിട്ട

വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട

വിദ്യാഭ്യാസ ഉപജില്ല : കോന്നി

ബി. ആർ. സി : കോന്നി

സി. ആർ. സി : അരുവാപ്പുലം

ഗ്രാമ പഞ്ചായത്ത് : അരുവാപ്പുലം

ബ്ലോക്ക് പഞ്ചായത്ത് : കോന്നി

ജില്ല പഞ്ചായത്ത് : പത്തനംതിട്ട

താലൂക്ക് :

വില്ലേജ് : അരുവാപ്പുലം

ഇ മെയിൽ വിലാസം : Gjmups @ g mail. com

# ആമുഖം

പത്തനംതിട്ട ജില്ലയിൽ പ്രകൃതി സൗന്ദര്യം കൊണ്ടു മനോഹരമായ അരുവാപ്പുലം ഗ്രാമപഞ്ചായത്തിലാണ് ജി. ജെ. എം. യു. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമികരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി

അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിൽ പി.ടി.എ യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ ജനപ്രതിനിധികൾ, പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്തുവാൻ കഴിയുന്നു. കൂടാതെ പരിസ്ഥിതിക്കിണങ്ങുന്ന, ജൈവ-സമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ പരിസരം, ശിശു സൗഹൃദമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. 'സ്കൂൾ തന്നെ പാഠപുസ്തകം' എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

വിദ്യാലയത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കും എന്ന ലക്ഷ്യത്തോടെ ഗുണപരമായ നിരവധി പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനായാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികളെ നാളെയുടെ വാഗ്ദാനങ്ങളായി മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# ജി. ജെ. എം. യു. പി. സ്കൂൾ ചരിത്രം

പ്രകൃതി സൗന്ദര്യം കൊണ്ട് മനോഹരമായ അരുവാപ്പുലം ഗ്രാമം, പത്തനംതിട്ട ജില്ലയിലെ ഒരു ഗ്രാമപ്രദേശമാണ്. തേയില തോട്ടങ്ങളും റബ്ബർ തോട്ടങ്ങളും കൊണ്ട് പച്ചപിടിച്ച ഈ ഗ്രാമം അധ്വാനശീലരായ കർഷക ജനതയുടെയും തോട്ടം തൊഴിലാളികളുടെയും നാടാണ്. ഈ ഗ്രാമത്തിലെ വാർഡിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഈ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസം ഒരു പ്രശ്നമായിരിക്കെ എത്രയോ വർഷങ്ങൾക്ക് മുമ്പ് ഈ പ്രദേശത്ത് ഒരു സ്കൂൾ ആരംഭിച്ചു എങ്കിലും അത് തുടർന്ന് കൊണ്ടുപോകാൻ സാധിച്ചില്ല.

ഈ സാഹചര്യത്തിലാണ് ഈ സ്ഥലത്തെ ഒരു പൊതുജനപ്രവർത്തകന്റെ നാമധേയത്തിൽ അദ്ദേഹത്തിന്റെ പുത്രന്മാരുടെയും മാതാവിന്റെയും പരിശ്രമഫലമായി ജോർജ്ജ് ജോസഫ് മെമ്മോറിയൽ എൽ. പി. സ്കൂൾ എന്ന പേരിൽ ഈ വിദ്യാലയം രൂപം കൊണ്ടു. ഒപ്പം കേരള ഗവൺമെന്റിൽ നിന്ന് അംഗീകാരവും ലഭിച്ചു.

1964 ഏപ്രിൽ 20-ാം തീയതി
നാട്ടുകാരുടെ ചിരകാലാഭിലാഷം സഫലീകരിച്ചു.
എന്നാൽ സ്വന്തമായി ഒരു കെട്ടിടം ഉണ്ടായിരുന്നില്ല
ജൂൺ 1-ാം തീയതി പുത്തൻപുരയിൽ
ഭവനത്തിൽ ആരംഭിച്ച സ്കൂൾ ആഗസ്റ്റ്
മാസം ഈ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം
ആരംഭിച്ചു. ഒന്നും രണ്ടും ക്ലാസുകൾക്ക്
മാത്രമേ അനുവാദം കിട്ടിയിരുന്നുള്ളു. പ്രസ്തുത
വർഷത്തിൽ 195 വിദ്യാർത്ഥികളും 5 അധ്യാപ-
കരും ഉണ്ടായിരുന്നു. 1965 ൽ ക്ലാസ്സ്
3 ഉം 1966 ൽ ക്ലാസ്സ് 4 ഉം നടത്താൻ
അനുവാദം ലഭിച്ചു. ആദ്യത്തെ ഹെഡ്-
മാസ്റ്റർ ശ്രീ കെ. ജി. തോമസും, ആദ്യത്തെ
വിദ്യാർത്ഥി കെ. റ്റി എബ്രഹാമും ആയിരുന്നു.
1964 ൽ ആരംഭിച്ച സ്കൂൾ നീണ്ട
18 വർഷങ്ങൾക്ക് ശേഷം 1982 ൽ
ഒരു യു. പി സ്കൂളായി ഉയർത്തപ്പെട്ടു.

61 വർഷത്തിൽ നിൽക്കുന്ന ഈ
വിദ്യാലയത്തിൽ ഇപ്പോൾ 30 ൽ താഴെ കുട്ടികൾ
മാത്രമാണ് ഉള്ളത്. ഇവരിൽ ഭൂരിഭാഗവും
പാറത്തിൽ കുന്നിൽനിന്നുമാണ്'

# ജി. ഡബ്ല്യു. എം. എൽ. പി. സ്കൂൾ ഇന്ന്

| Sl No | Class | Boys | Girls | Total |
|---|---|---|---|---|
| 1 | I | | 1 | I |
| 2 | II | 3 | | 3 |
| 3 | III | 2 | 5 | 7 |
| 4 | IV | | 3 | 3 |
| 5 | V | 4 | 4 | 7 |
| 6 | VI | 2 | 1 | 3 |
| 7 | VII | | 2 | 2 |
| Total | | 11 | 16 | 27 |

ഈ അധ്യയന വർഷം 27
കുട്ടികളും 7 അധ്യാപകരും 1 ഓഫീസ്
അസിസ്റ്റന്റും ജോലി ചെയ്യുന്നു. കുട്ടികളുടെ
പഠനനിലവാരം ഉയർത്തുന്നതിനായി
പല പ്രവർത്തനങ്ങളും നടത്തിവരുന്നു.

അധ്യാപകരോടൊപ്പം നിൽക്കുന്ന PTA സ്കൂൾ
പ്രവർത്തനങ്ങൾക്ക് നല്ലൊരു മുതൽക്കൂട്ട്
തന്നെയാണ്

ഈ വിദ്യാലയത്തിൽ ഇപ്പോൾ സ്വന്തമായി ഒന്നരയേക്കർ സ്ഥലവും 3 കെട്ടിടങ്ങളും നല്ല വിസ്തൃതിയുള്ള ഒരു കളിസ്ഥലവുമുണ്ട്. ഇവിടെ ഒരു ലൈബ്രറിയും ലബോറട്ടറിയുമുണ്ട്. കുട്ടികൾ ജില്ലാതലം, സബ്ജില്ലാതലം എന്നിങ്ങനെ നടത്തപ്പെടുന്ന യുവജനോത്സവം, സയൻസ് ഫെയർ, ശാസ്ത്ര സാഹിത്യ വിജ്ഞാന പരീക്ഷ എന്നിവയിൽ പങ്കെടുത്ത് സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും കരസ്ഥമാക്കുന്നുണ്ട്. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനുതകുന്ന പല പ്രവർത്തനങ്ങളും നടത്തി വരുന്നു. സ്കൂൾ വികസന പ്രവർത്തനങ്ങൾക്ക് പി.റ്റി.എ, എസ്.എസ്.ജി എന്നിവയുടെ പരിപൂർണ്ണ പങ്കാളിത്തവുമുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ നുഴഞ്ഞുകയറ്റം രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് മീഡിയത്തോടുള്ള ഭ്രമവും കാരണം ഓരോ വർഷവും കുട്ടികൾ കുറഞ്ഞുവരുന്നു. എങ്കിലും വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി ഈ അധ്യയന വർഷം കുട്ടികൾ പുതുതായി വന്നുചേരുന്നു. കൃഷിയോടുള്ള താൽപര്യം കുട്ടികളിൽ വർധിപ്പിക്കുന്നതിനായി പച്ചക്കറികളും മറ്റ് ചെടികളും നട്ട് വളർത്തി വരുന്നു.

തോട്ടം മേഖലയിലെ കുട്ടികളാണ് കൂടുതലും ഇവിടെ പഠിക്കുന്നത്. അവിടുത്തെ കുട്ടികളുടെ കുറവ് സ്കൂളിലും അനുഭവപ്പെടുന്നുണ്ട്. എന്നിരുന്നാലും നിലവിൽ ഉള്ള കുട്ടികൾക്ക് പൂർണ്ണമായും പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## അക്കാദമിക നേട്ടങ്ങൾ.

ഓരോ കുട്ടിയെയും ഏതെങ്കിലും ഒരു മത്സരപരിപാടിയിൽ എങ്കിലും പങ്കെടുപ്പിക്കണം എന്നത് പ്രധാന ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി സ്കൂളിലെ എല്ലാം കുട്ടികളും ഒരു മത്സര പരിപാടിയിൽ പങ്കെടുത്തു എന്നത് ജി. റ്റി. എം. യു. പി സ്കൂളിന്റെ പ്രധാന നേട്ടങ്ങളിൽ ഒന്നാണ്. ശാസ്ത്രമേള, പ്രവൃത്തി പരിചയമേള, സ്പോർട്സ് എന്നിവയിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചു വരുന്നു. കൃത്യമായ പരിശീലനത്തിലൂടെ മാത്രമാണ് ഓരോ കുട്ടിയെയും പങ്കെടുപ്പിക്കുന്നത്. ആയതിനാൽ തന്നെ മികച്ച ഗ്രേഡ് തന്നെ കുട്ടികൾക്ക് ലഭ്യമാകുന്നു. എന്നത് അക്കാദമിക മികവിന്റെ ഒരു തെളിവാണ്.

## അക്കാദമികം

## പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി കുട്ടികൾ മികച്ച വിജയം നേടുന്നുണ്ട്. എങ്കിലും സ്മാർട്ട് ക്ലാസ്സ് റൂം എന്നത് ഒരു പരിമിതിയാണ്.

## ഭൗതികം

## പരിമിതികൾ

ലൈബ്രറിയിൽ ധാരാളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വേണ്ടവിധത്തിൽ ഡിസ്പ്ലേ ചെയ്യുന്നതിനുള്ള സൗകര്യം ഇല്ല.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള ഭോജനശാലയുടെ പരിമിതിയും നിലനിൽക്കുന്നു.

ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. എന്നാൽ കാട്ടുമൃഗങ്ങളുടെ ( പന്നി ശല്യം മൂലം അവ പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. ഒരു സംരക്ഷണവേലിയുടെ കുറവ് വിദ്യാലയത്തിൽ നിലനിൽക്കുന്നു എന്നതും ഒരു പരിമിതിയാണ്.

വനത്തോട് ചേർന്ന പ്രദേശമായതിനാൽ വാഹന സൗകര്യം ഒരു പോരായ്മയാണ്

## സാമൂഹികം

## നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു.

അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിൽ എടുത്ത് പറയേണ്ടത് കല്ലേലി ഹാരിസൺ എസ്റ്റേറ്റിലെ വെൽഫെയർ ഓഫീസർ ജിതിൻ സാറിന്റെ മാതൃകാപരമായ പ്രവർത്തനമാണ്. വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുവാൻ എല്ലാ വർഷവും ജൂൺ 5 ന് സ്കൂളിനെ സമീപിക്കുകയും മികച്ച രീതിയിൽ തന്നെ അവ നടത്തിപ്പോകുന്നുമുണ്ട്. വായനാവാരവുമായി ബന്ധപ്പെട്ട് കല്ലേലി പബ്ലിക് ലൈബ്രറിയും സ്കൂളുമായി ചേർന്ന് പ്രവർത്തിച്ചു വരുന്നു. അതുപോലെ പഞ്ചായത്തിലെ ഹരിതകർമ്മസേനയുമായി ചേർന്ന് ഹരിതസഭയിലും മികച്ച പ്രകടനങ്ങൾ നടത്തിവരുന്നു. സാമൂഹ്യ ശുചിത്വം ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ നടീൽ, ലഹരി ബോധവത്കരണം എന്നിവയും നടന്നു വരുന്നു. അതുപോലെ ഹോമിയോ ഡോക്ടർ യോഗ ക്ലാസ്സും കുട്ടികൾക്ക് നൽകി. ഹരിതസഭയിലെ പ്രകടനം മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1 ഭാഷാശേഷി വികസനം

2 ഗണിതശേഷി വികസനം

3 ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ

4 വായനാശേഷി വർദ്ധിപ്പിക്കൽ

5 ശാസ്ത്രപോഷണ പരിപാടി

6 ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം, S.S

7 ലൈബ്രറി ശാക്തീകരണം

8 ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ

9 സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

10 പഠനയാത്രകൾ

11 സ്കൂൾ പത്രം

12 പ്രവൃത്തി പരിചയ പരിശീലനം

13 കലാപരിപോഷണം

14 പച്ചക്കറിത്തോട്ടം

15 ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

16 കായികശേഷി വികസനം

17 ICT പഠനം കാര്യക്ഷമമാക്കൽ

18 ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി-
പരിചയ മേളകൾ

19 ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ

20 വിലയിരുത്തൽ കാര്യക്ഷമമാക്കൽ.

# മലയാളം

പ്രവർത്തനം 1- ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം ~~[illegible]~~, (കരുതൽ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദ നിർമ്മാണം<br>4) വാക്യ നിർമ്മാണം<br>5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | 2- മാസം - ഒരു വർഷം | മലയാളം ടീച്ചർ, | PTA, Dept. |
| 2) എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1) ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | 6 മാസം | വിദ്യാരംഗം ചാർജ് | PTA |
| | 2. ക്ലാസ് ലൈബ്രറി നവീകരിക്കൽ | | മലയാളം ടീച്ചർ | |
| | 3. പുതുവർഷം പുസ്തക വർഷം | ആവശ്യാനുസരിച്ച് | | |
| | 4. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകം ലഭ്യമാക്കൽ | 3 മാസം | | |
| | 5. വായനോത്സവം | | മലയാളം ടീച്ചർ | |
| | 6. പത്രവായന | 1 മാസം- ഒരു വർഷം | | |

| | | | | |
|---|---|---|---|---|
| 3. പത്രവായന പരിപോഷിപ്പിക്കുക. | സ്കൂൾ അസംബ്ലിയിൽ പത്രവായന. | ദിവസേന | മലയാളം അധ്യാപകർ | PTA |
| 4. സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ.<br>കവിതാലാപന മത്സരം<br>സ്കൂൾ തല പത്രമത്സരം<br>പുസ്തകാസ്വാദനം.<br>അമ്മമാർക്കായുള്ള പുസ്തകം | മാസത്തിൽ ഒരു തവണ<br>പാഠഭാഗവുമായി ബന്ധപ്പെട്ട<br>എല്ലാ മാസവും<br>മാസത്തിൽ ഒരു തവണ | SRG<br>വിദ്യാരംഗം<br>SRG | PTA |
| | | | | |

# ഇംഗ്ലീഷ് ഭാഷാ പഠനം

പ്രവർത്തനം 1: ഭാഷാശേഷി വികസനം.

| ലക്ഷ്യം | | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസനം. | 1 | ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസ്സും | ഇംഗ്ലീഷ് വിഷയം കൈകാര്യം ചെയ്യുന്ന ടീച്ചർ | |
| | 2. | ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ.<br>ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | | | |
| | 3. | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4. | ഇംഗ്ലീഷിൽ ഡയറി എഴുത്ത്. | എല്ലാ ദിവസവും തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ: | |

## പ്രവർത്തനം - 2. ഇംഗ്ലീഷ് തിയറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം. | 1. പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം, സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ | വർഷം മുഴുവൻ | ഇംഗ്ലീഷ് ടീച്ചർ | പ്രാദേശിക സഹായം |
| | 2. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | വർഷം മുഴുവൻ | ഇംഗ്ലീഷ് ടീച്ചർ. | |
| 2. വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവ ഉൾക്കൊള്ളിക്കൽ - | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| 3. കുട്ടികളുടെ രചന സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സോഷ്യൽ മീഡിയ വഴി സമൂഹത്തിലേക്ക് പ്രചരിപ്പിക്കൽ | ഓരോ മാസവും | SRG | |

## സോഷ്യൽ സയൻസ് -

### പ്രവർത്തനം 1 : മോക്ക് പാർലമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | സ്കൂൾ പാർലമെന്റ് രൂപീകരണം. പ്രകടനപത്രിക പ്രചാരണം മീറ്റ് ദ കാൻഡിഡേറ്റ് ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് പാർലമെന്റ് സമ്മേളിപ്പിക്കൽ | വർഷത്തിൽ 4 തവണ | SS അധ്യാപകർ | |

### പ്രവർത്തനം 2. സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ | ആഴ്ചയിൽ രണ്ട് തവണ. | | |

### പ്രവർത്തനം - ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര നൂതന അറിവുകൾ - കണ്ടെത്തലുകൾ പ്രദർശനം. | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാ ദിവസവും | SS ക്ലബ്ബ് | |

## പ്രവർത്തനം - 3. പഠനയാത്ര

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർ ചിത്രങ്ങൾ, ക്ഷേത്രങ്ങൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് പഠനയാത്ര നടത്തുന്നു. | വർഷത്തിൽ ഒരു തവണ | SS. ക്ലബ്ബ് | |

## പ്രവർത്തനം 4 സംവാദം, സെമിനാർ

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ. | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് വീതം | SRG | ജനപ്രതിനിധികൾ |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി പരീക്ഷണം പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 3 തവണ | സയൻസ് ക്ലബ്ബ് | 1000/- |
| | ഗവേഷണാത്മക പ്രോജക്ട് പ്രവർത്തനങ്ങളുടെ പഠനം. സർവ്വേ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ” | PTA |
| 2. ശാസ്ത്രമേളയിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക | . | ” | PTA |
| 3. ശാസ്ത്രലാബ് നവീകരണം<br>ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ലാബിലെ സാമഗ്രികൾ കൃത്യമായും ചിട്ടയായും പരിപാലിക്കുക. | ദൈനംദി. | ” | |

| | | | | |
|---|---|---|---|---|
| ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | എല്ലാ പാഠഭാഗവുമായി ബന്ധപ്പെട്ടും | സയൻസ് ടീച്ചർ. | |
| 5. ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ- | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉൾപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ ചോദ്യശേഖരം തയ്യാറാക്കൽ | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ടും. | | |
| 6. മോഡൽ നിർമ്മാണം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | സയൻസ് ടീച്ചർ | 1000/- PTA |

# പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കുന്ന ജൈവ വൈവിധ്യ പാർക്ക് | 3 മാസം | ഇക്കോ ക്ലബ്ബ് | PTA 500 |
| 2. സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ | ഔഷധഗുണമുള്ള സസ്യങ്ങളുടെയും ഔഷധ സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം നിർമ്മാണം | 3 മാസം | ഇക്കോ ക്ലബ്ബ് | |
| 3. സ്കൂൾ മുറ്റത്തെ മരങ്ങൾ സംരക്ഷിക്കൽ | പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് സ്കൂൾ മുറ്റത്ത് നട്ടു പിടിപ്പിച്ച നെല്ലി, വേപ്പ്, മാവ്, ഞാവൽ, തുടങ്ങിയ മരങ്ങൾ സംരക്ഷിക്കൽ. ആവശ്യമായ പരിചരണം നൽകൽ | ഓരോ മാസവും | ഇക്കോ ക്ലബ്ബ് | |

## ദിനാചരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെയുള്ള മാസത്തിലെ ദിനാചരണങ്ങൾ കൃത്യമായി നടത്തൽ.<br>ക്വിസ് മത്സരം<br>പോസ്റ്റർ<br>പ്രസംഗം<br>ഡോക്യുമെന്റേഷൻ | ജൂൺ മാർച്ച് | SRG | |

## സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പിലേക്ക് മത്സരിക്കുവാനുള്ള അവസരം. | LSS, USS പോലുള്ള സ്കോളർഷിപ്പുകൾക്കായി കുട്ടികളെ പരിശീലിപ്പിക്കൽ<br>- മാതൃക ചോദ്യപേപ്പർ<br>- നിരന്തര പരിശീലനം. | പരീക്ഷ സമയം വരെ. | ക്ലാസ് ടീച്ചർ | |

## പ്രവൃത്തി പരിചയം.

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | താല്പര്യമായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ - | ജനുവരി മാർച്ച് | SRG | 1000/ PTA |

## സ്വയം തൊഴിൽ നൈപുണ്ണി വികസനം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | സ്വയം തൊഴിൽ നൈപുണ്ണി വികസനത്തിന്റെ ഭാഗമായി സന്നദ്ധ<br>- തുന്നൽ പരിശീലനം. (എംബ്രോയ്ഡറി)<br>- കയർ കൊണ്ട് mat നിർമ്മാണം<br>- തുണിയിൽ നിറം നൽകൽ<br>- തുണിയിൽ ചിത്രം വരയ്ക്കൽ | വർഷാരംഭം മുതൽ അവസാനം വരെ | SRG | |

## കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കായിക പരിശീലനം നൽകി അവരെ മത്സരത്തിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നു. ഓട്ടം ചാട്ടം | ജൂൺ മുതൽ മാർച്ച് വരെ. | സ്പോർട്സ് ടീച്ചർ | PTA |

## കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ | - കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തുകയും അവയെ പരിപോഷിപ്പിക്കുകയും ചെയ്യുക.<br>- സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാരചന, തുടങ്ങിയ വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നു.<br>- വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷം സർഗ്ഗവേള നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | SRG | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാം കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദി എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | - ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക. | | ഹിന്ദി ടീച്ചർ | PTA സ്പോൺസർഷിപ്പ് |
| | - ലൈബ്രറിയിൽ നിന്നും ചെറു ഹിന്ദി രചനകൾ വായിക്കാനുള്ള അവസരം | 2 മാസം | | |
| | - ആഴ്ചയിൽ ഒരു തവണ ഹിന്ദി അസംബ്ലി | ആവശ്യാനുസരിച്ച് | | |
| | - ഹിന്ദി നാടകം നടത്തുക. | | | |
| | - ഹിന്ദിയിൽ ചെറിയ വിഷയങ്ങൾ നൽകി അവയെപ്പറ്റി കുറിപ്പ് തയ്യാറാക്കാനവസരം | | ഹിന്ദി ടീച്ചർ | |
| | - ഹിന്ദി പ്രസംഗം, കവിതാലാപനം എന്നിവ പരിപോഷിപ്പിക്കുക. | | | |

# ഉപസംഹാരം

ജി. എച്ച്. എം. യു. പി. സ്കൂളിന്റെ, ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കുവാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയും എന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.